# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 11.06.2026**

## പ്രധാനവാർത്തകൾ

1. ഇന്ത്യ ശക്തമായ വളർച്ചാ പാതയിലെന്ന് നിതി ആയോഗ് യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി. വികസിത് ഭാരത് ലക്ഷ്യം കൈവരിക്കാൻ കേന്ദ്ര- സംസ്ഥാന സർക്കാറുകൾ ഒരുമിച്ച് പ്രവർത്തിക്കണമെന്നും പ്രധാനമന്ത്രി.

2. കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിത്സയിലുള്ള രോഗിക്ക് നിപ സ്ഥിരീകരിച്ചു.സമ്പർക്കപ്പെട്ടികയിലുള്ളവർ ക്വാറൻറൈനിൽ .

3. സംസ്ഥാനത്ത് ഷിഗെല്ലാ ജാഗ്രത: വയനാട്ടിലും കൊല്ലത്തും തിരുവന്തപുരത്തും രോഗബാധ. പ്രതിരോധം ഊർജിതമാക്കി ആരോഗ്യ വകുപ്പ്.

4. ഒമാൻ തീരത്ത് കപ്പലിന് നേരെയുണ്ടായ ആക്രമണത്തിൽ മൂന്ന് ഇന്ത്യൻ നാവികർ കൊല്ലപ്പെട്ട സംഭവത്തെ ശക്തമായി അപലപിച്ച് ഇന്ത്യ.

5. സംസ്ഥാനത്ത് മഴ ശക്തമാകും; നാല് ജില്ലകളിൽ ഇന്നും രണ്ട് ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രത. കേരളം കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

6. കായികലോകം ആവേശത്തോടെ കാത്തിരിക്കുന്ന ഫിഫ ലോകകപ്പ് ഫുട്ബോളിന് മണിക്കൂറുകൾക്കകം തുടക്കമാവും. വനിതാ ട്വൻറി 20 ലോകകപ്പ് ക്രിക്കറ്റ് നാളെ മുതൽ.

RNUTVPM

## വാർത്തകൾ വിശദമായി.......

### നിതി ആയോഗ്

ലോകം അനിശ്ചിതാവസ്ഥയിലൂടെ കടന്നുപോകുമ്പോഴും ഇന്ത്യ ശക്തമായ വളർച്ചാ പാതയിലാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ നടന്ന നിതി ആയോഗിൻറെ 11-ാമത് ഗവേണിംഗ് കൗൺസിൽ യോഗത്തിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി . 'വികസിത് ഭാരതം' എന്ന ലക്ഷ്യം കൈവരിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഒന്നിച്ച് പ്രവർത്തിക്കണമെന്നും ഇതിനായി നിതി ആയോഗ് മികച്ച വേദിയാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.കാർഷികം, സ്റ്റാർട്ടപ്പുകൾ, ശാസ്ത്രം തുടങ്ങി എല്ലാ മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കണമെന്നും അവരുടെ സുരക്ഷയ്ക്കും വിദ്യാഭ്യാസത്തിനും സംസ്ഥാനങ്ങൾ മുൻഗണന നൽകണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

PNU TVPM

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

### നിപ (ഇൻട്രോ)

കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിത്സയിലുള്ള രോഗിയ്ക്ക് നിപ സ്ഥിരീകരിച്ചു.കോഴിക്കോട് രാമനാട്ടുകര സ്വദേശിക്കാണ് രോഗം സ്ഥിരീകരിച്ചത്. രോഗിയുടെ സമ്പർക്ക പട്ടികയിലുള്ള വരോട് ക്വാറൻറീനിൽ പ്രവേശിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും സ്ഥിതിഗതികൾ നിരീക്ഷിച്ചുവരികയാണെന്നും ആരോഗ്യമന്ത്രി പറഞ്ഞു.

*(ഹോൾഡ് വോയിസ്)*

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

### ഷിഗെല്ലാ

സംസ്ഥാനത്ത് ഷിഗെല്ല വ്യാപനം തടയാൻ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ആരോഗ്യ വകുപ്പ്. വയനാട് ഇന്ന് ഒരു കുട്ടിക്കുകൂടി ഷിഗെല്ല സ്ഥിരീകരിച്ചു. ഇതോടെ ജില്ലയിൽ രോഗ ബാധിതരുടെ എണ്ണം 9 ആയി. കൊല്ലത്ത് രണ്ടു ദിവസത്തിനിടെ

രണ്ടു കുട്ടികൾക്ക് ഷിഗെല്ല സ്ഥിരീകരിച്ച സാഹചര്യത്തിൽ പ്രതിരോധപ്രവർത്തനങ്ങൾ കർശനമാക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർ നിർദേശിച്ചു. കുട്ടികളുടെ ആരോഗ്യനില തൃപ്തികരമാണെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## ഷിഗെല്ല- (ഇൻട്രോ)

**തിരുവനന്തപുരം ജില്ലയിൽ 3 പേർക്ക് കൂടി ഷിഗല്ല രോഗം സ്ഥിരീകരിച്ചു.രോഗം സ്ഥിരീകരിച്ച മൂന്ന് പേരും കുട്ടികളാണ്.** **കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്..**

*(വോയിസ്......)*

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

RNU TVPM

## വാണിജ്യ കപ്പൽ- ആക്രമണം

ഒമാൻ തീരത്ത് കപ്പലിന് നേരെയുണ്ടായ ആക്രമണത്തിൽ മൂന്ന് ഇന്ത്യൻ നാവികർ കൊല്ലപ്പെട്ട സംഭവത്തെ ശക്തമായി അപലപിച്ച് ഇന്ത്യ. യുഎസ് നയതന്ത്ര ഉദ്യോഗസ്ഥനെ വിളിച്ചുവരുത്തി സർക്കാർ പ്രതിഷേധം അറിയിച്ചതായി ന്യൂഡൽഹിയിൽ അന്തർ മന്ത്രാലയ യോഗത്തിനു ശേഷം വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ മാധ്യമങ്ങളോട് പറഞ്ഞു. മേഖലയിലെ കപ്പലുകൾക്ക് നേരെയുള്ള ആക്രമണങ്ങൾ ഉടനടി അവസാനിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## തിരുവനന്തപുരം- മന്ത്രി തല യോഗം

തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിനും വെള്ളക്കെട്ടിനും ശാശ്വത പരിഹാരം കാണാൻ സെക്രട്ടറിയേറ്റിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനമായി. മന്ത്രിമാരായ മോൻസ് ജോസഫ്, കെ. മുരളീധരൻ, സി. പി. ജോൺ എന്നിവരുടെ നേതൃത്വത്തിൽ ചേർന്ന

യോഗത്തിൽ, മേയർ വി. വി. രാജേഷ്, ജില്ലാ കളക്ടർ അനുകുമാരി എന്നിവരും പങ്കെടുത്തു.കുടിവെള്ള ക്ഷാമമുള്ള ഇടങ്ങളിൽ കോർപ്പറേഷനും വാട്ടർ അതോറിറ്റിയും ചേർന്ന് ജലവിതരണം ഉറപ്പാക്കും. മഴക്കാല വെള്ളക്കെട്ട് ഒഴിവാക്കാൻ ദേശീയപാത അതോറിറ്റിക്ക് നിർദേശം നൽകാനും, പാർവതി പുത്തനാറിൽ ആഴ്ചയിൽ രണ്ടു തവണ പരിശോധന നടത്താനും, ആമയിഴഞ്ചാൻ തോടിനായി പ്രത്യേക കർമപദ്ധതി നടപ്പാക്കാനും യോഗം തീരുമാനിച്ചു. കൂടാതെ പൊഴിയൂർ, ബീമാപള്ളി മേഖലകളിലെ തീരശോഷണം തടയാനുള്ള നടപടികളും സ്വീകരിക്കും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## മന്ത്രി കെ. മുരളീധരൻ

രക്തദാനവും അവയവദാനവും സമൂഹത്തിൻറെ ജീവകാരുണ്യ സംസ്കാരമാണെന്ന് ആരോഗ്യ മന്ത്രി കെ. മുരളീധരൻ. ഇത് പ്രോത്സാഹിപ്പിക്കുന്നത്, സമൂഹത്തിന് വേണ്ടി ചെയ്യാൻ കഴിയുന്ന മഹത്തായ സേവനമാണ്. രക്തദാനത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ മാറ്റി കൂടുതൽ പേർ , ദാതാക്കളായി മുന്നോട്ടുവരണമെന്നും മന്ത്രി പറഞ്ഞു. ലോക രക്തദാത ദിനാചരണത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

RNU TVPM

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## മഴ- കേരളം

സംസ്ഥാനത്ത് വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യത.എറണാകുളം, തൃശൂർ,കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഇന്നും ഇടുക്കി, എറണാകുളം, ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം ഉൾപ്പെടെ 7 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. മോശം കാലാവസ്ഥ കണക്കിലെടുത്ത്,കേരളം -കർണാടക- ലക്ഷദീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## കാർഷിക കൺട്രോൾ റൂം

സംസ്ഥാനത്ത് മഴ തുടരുന്ന പശ്ചാത്തലത്തിൽ കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും ദുരന്തനിവാരണ നടപടികൾ ഏകോപിപ്പിക്കുന്നതിനുമായി കൃഷിവകുപ്പ് എല്ലാ ജില്ലകളിലും പ്രത്യേക കൺട്രോൾ റൂമുകൾ തുറന്നു. പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ സംബന്ധിച്ച വിവരങ്ങൾ കർഷകർക്ക് ജില്ലയിലെ കൺട്രോൾ റൂമിൽ അറിയിക്കാവുന്നതാണ്. പരാതികൾ ബന്ധപ്പെട്ട കൃഷി ഓഫീസുകൾക്ക് കൈമാറി തുടർ നടപടികൾ സ്വീകരിക്കും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## ഫുട്ബാൾ ലോകകപ്പ് ( ഇൻട്രോ)

RNUTVPM

*കായികലോകം ആവേശത്തോടെ കാത്തിരിക്കുന്ന ഫിഫ ലോകകപ്പ് ഫുട്ബോളിന് മണിക്കൂറുകൾക്കകം തുടക്കമാവും. ഇത്തവണത്തെ ടൂർണമെന്റിന് അമേരിക്ക, മെക്സിക്കോ, കാനഡ എന്നീ രാജ്യങ്ങൾ സംയുക്തമായാണ് ആതിഥേയത്വം വഹിക്കുന്നത്. ഇന്ത്യൻ സമയം ഇന്ന് രാത്രി 10.30-ന് ഉദ്ഘാടന ചടങ്ങുകൾ ആരംഭിക്കും. മെക്സിക്കോയിൽ രാത്രി 12:30-ന് നടക്കുന്ന ആദ്യ പോരാട്ടത്തിൽ മെക്സിക്കോ ദക്ഷിണാഫ്രിക്കയെ നേരിടും.*

**വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു........**

*(വോയ്സ്...)*

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## വനിത ട്വൻറി 20

വനിതാ ട്വൻറി 20 ലോകകപ്പ് ക്രിക്കറ്റ് നാളെ മുതൽ അടുത്ത മാസം അഞ്ചു വരെ ഇംഗ്ലണ്ടിൽ നടക്കും. ഇന്ത്യ അടക്കം 12 ടീമുകളുണ്ട്. ആകെ 33 കളികളാണ്. നാളെ രാത്രി 11 ന് ആദ്യ മത്സരത്തിൽ ഇംഗ്ലണ്ടും

ശ്രീലങ്കയും ഏറ്റുമുട്ടും. ഇന്ത്യയുടെ ആദ്യ മത്സരം ഞായറാഴ്ച രാത്രി ഏഴിന് പാക്കിസ്ഥാനെതിരെയാണ്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## ഓസ്ട്രേലിയൻ ഓപ്പൺ ബാഡ്മിന്റൺ

സിഡ്നിയിൽ നടക്കുന്ന ഓസ്ട്രേലിയൻ ഓപ്പൺ ബാഡ്മിന്റൺ വനിതാ വിഭാഗം സിംഗിൾസിൽ ഇന്ത്യയുടെ പി.വി. സിന്ധുവും തൻവി ശർമ്മയും ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. പുരുഷ വിഭാഗം ഡബിൾസിൽ എം.ആർ. അർജുൻ - ഹരിഹരൻ അംശകരുണൻ സഖ്യവും ക്വാർട്ടറിലെത്തിയിട്ടുണ്ട് .അതേസമയം, പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ കിരൺ ജോർജ്ജ്, സനീത് ദയാനന്ദ്, തരുൺ മന്നേപ്പള്ളി എന്നിവർ ആദ്യ റൗണ്ടിൽ പുറത്തായി

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

RNU TVPM

## പത്മ അവാർഡ്

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിലാണ് പുരസ്കാരം സമ്മാനിക്കുന്നത്. നടൻ മമ്മൂട്ടി പദ്മ ഭൂഷൺ സ്വീകരിക്കും. കഴിഞ്ഞ മാസം ആദ്യം, രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## എൻ ഡി എ സർക്കാർ- 12 വർഷം

കഴിഞ്ഞ 12 വർഷത്തിനിടെ എൻഡിഎ സർക്കാരിൻറെ ഭരണത്തിന് കീഴിൽ രാജ്യത്ത് ശ്രദ്ധേയമായ പരിവർത്തനമാണ് ഉണ്ടായിട്ടുള്ളത്. ഈ കാലയളവിൽ, പ്രധാനമന്ത്രി ആവാസ് യോജന ഗ്രാമിൻ പ്രകാരം, ഗ്രാമപ്രദേശങ്ങളിലെ സാമ്പത്തികമായി ദുർബലരായ കുടുംബങ്ങൾക്കായി നാല് കോടിയിലധികം വീടുകൾ അനുവദിച്ചിട്ടുണ്ട്.

RNU TVPM